പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7769 15-07-2014 ന് മറുപടിയ്ക്ക്**

**നെല്ലിയാമ്പതിയിലെ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിൽ സംരക്ഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ചെന്താമരാക്ഷൻ | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി)** |
| (എ) നെല്ലിയാമ്പതിയിലെ ഏതെല്ലാം തോട്ടങ്ങളാണ് സർക്കാർ ഏറ്റെടുത്തത് എന്ന് വിശദമാക്കുമോ; | (എ) നെല്ലിയാമ്പതിയിൽ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് റോസറി, ക്ലിഫ് വ്യൂ, ലുത്തമ്പാറ എന്നീ 3 എസ്റ്റേറ്റുകളും, പാട്ടക്കരാർ ലംഘനത്തെത്തുടർന്ന് പാട്ടം റദ്ദുചെയ്ത ബിയാട്രീസ്, മീരാഫ്ളോറസ് (5 എണ്ണം) എന്നീ 6 എസ്റ്റേറ്റുകളും ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്ത ക്ലിഫ് വ്യൂ, ചെറുനെല്ലി അപ്പർ എന്നീ 2 എസ്റ്റേറ്റുകളും കൂടി ആകെ 11 എസ്റ്റേറ്റുകൾ ഇതിനകം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിൽ ഉണ്ടായിരുന്ന സ്ഥിരം തൊഴിലാളികൾക്ക്, ടി എസ്റ്റേറ്റുകളിൽത്തന്നെ ജോലി നൽകി വരുന്നുണ്ട്. അവർക്ക് ശമ്പളവും, പി.എഫും, മെഡിക്കൽ അലവൻസുകളും നൽകിവരുന്നുണ്ട്. |
| (സി) സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിൽ നിലവിൽ എത്ര തൊഴിലാളികളാണ് ഉള്ളതെന്ന് വിശദമാക്കുമോ? | (സി) നിലവിൽ സർക്കാർ ഏറ്റെടുത്ത റോസറി എസ്റ്റേറ്റിൽ ഒരു തൊഴിലാളിയും ബിയാട്രീസ് എസ്റ്റേറ്റിൽ 5 തൊഴിലാളികളും, മീരാഫ്ളോറസ് എസ്റ്റേറ്റിൽ 88 തൊഴിലാളികളും ലുത്തമ്പാറ എസ്റ്റേറ്റിൽ 12 തൊഴിലാളികളും ജോലി ചെയ്തു വരുന്നുണ്ട് |

Ajithsab

സെക്ഷൻ ഓഫീസർ